ST. THOMAS FORANE CHURCH PARISH BULLETIN

Covid - 19 & Easter Special Parish Bulletin

Volume VII, March 2021

# സാന്തോം മെസഞ്ചർ

## SANTHOME MESSENGER



## ഈസ്റ്റർ ആശംസകൾ

# ഇടയനാദം

## 'ഉത്ഥാനമെന്ന വെല്ലുവിളി'

വലിയനോമ്പും പീഡാനുഭവ വെള്ളിയും കഴിഞ്ഞു... ഉയിർപ്പിന്റെ ആഹ്ലാദനാളുകളിലാണ് നാമിപ്പോൾ. വിശ്വാസ ജീവിതം തളിരിടുന്ന കാലം...

കുരിശിൽനിന്ന് ദിവ്യകാരുണ്യത്തിലേക്ക് പകർന്നൊഴുകുന്ന രക്ഷ, പരിശുദ്ധാത്മാവിലൂടെ കൂദാശകൾ വഴി നമ്മിലേക്ക് പകരപ്പെടുമ്പോൾ ജീവകാരുണ്യത്തിന്റെ അപ്പൊസ്തലരാകാൻ ഉത്ഥിതനോടുള്ള സ്നേഹം നമ്മെ നിർബന്ധിക്കുന്നില്ലേ?

ഇതൊരു വെല്ലുവിളിയാണ്. നമുക്ക് ഏറ്റെടുക്കാം. കുരിശിന്റെ നിഴലിൽ അവൻ നമ്മുടെ കുടുംബത്തെസംരക്ഷിക്കട്ടെ.അവന്റെ ഉത്ഥാന മഹത്വം നമ്മിൽ നിരന്തരം പ്രകാശിക്കട്ടെ.

കോവിഡ് കാലം കഴിയുന്നില്ലല്ലോ. എന്തു ചെയ്യും? മുറിവുകൾ, പീഡകൾ, ജോലിനഷ്ടം, ഫാ. സ്റ്റാൻ സ്വാമി, യു.പി. യിലെ കന്യാസ്ത്രീകളെ അധിക്ഷേപിക്കൽ... ക്രൈസ്തവരുടെ പേടിസ്വപ്നങ്ങൾ കൂടിവരുന്ന കാലം... നേക്കിക്കെ... ഈശോയുടെ മുറിവ് കാണിച്ചുള്ള വെളിപ്പെടുത്തൽ. മുറിവുണ്ടെങ്കിൽ അത് ഈശോയാണെന്ന് അവർ തിരിച്ചറിഞ്ഞു. അന്നുമുതൽ മുറിവുകളെയും പീഡകളെയും രോഗങ്ങളെയും അവർ ഭയമില്ലാതെ നേരിട്ടു. കാരണം, മുറിവടയാളങ്ങളാണ് ഒരുവനിൽ ഈശോ പതിഞ്ഞിട്ടുണ്ടോ എന്നതിന്റെ തെളിവ്. മുറിവേറ്റവനിൽ ഈശോയുണ്ട്.

ഈ കോവിഡ് കാലത്ത് ഈശോ നമുക്കൊപ്പം ഉണ്ടാവണം... ഉണ്ട്. എല്ലാവർക്കും ഉയിർപ്പുതിരുന്നാളാശംസകൾ സ്നേഹപൂർവ്വം നേരുന്നു.

## ഊട്ടുനേർച്ച, മൂറോൻ കൂദാശ, വിശുദ്ധ യൗസേപ്പിതാവിന്റെ വർഷം...

കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഊട്ടുനേർച്ച ഭംഗിയായി നടത്തുകയുണ്ടായി. മണ്ഡ്യ രൂപത മൂറോൻ കൂദാശയും, വിശുദ്ധ യൗസേപ്പിതാവിന്റെ വർഷ ഉദ്ഘാടന പരിപാടിയും ഭംഗിയായി നടന്നു... സഹകരിച്ച പാരീഷ് കൗൺസിൽ അംഗങ്ങൾ, സംഘടനാ ഭാരവാഹികൾ, യുവജനങ്ങൾ, ട്രസ്റ്റീമാർ, എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.


സിറിയക് മഠത്തിലച്ചൻ സി. എം. ഐ.

റിജോ കളത്തിലച്ചൻ സി. എം. ഐ. – 6360169241

നിബിൻ അരീക്കത്താഴെ അച്ചൻ സി. എം. ഐ. – 8589836838


# FAMILY, PLACE OF FORGIVENESS ...

## Pope Francis's speech at Iraq on 6 - 3 - 2021



Regardless of religion, see how Pope Francis has beautifully written about the family.

- There is no perfect family.
- We do not have perfect parents, - we are not perfect,

  We do not marry a perfect person or we do not have perfect children.
- We have complaints from each other.
- We are constantly disappointed.
- There is no healthy marriage or healthy family without the exercise of forgiveness.
- Forgiveness is vital to our emotional health and spiritual survival. Without forgiveness, the family becomes an arena of conflict and a fortress of evil.
- Without forgiveness, the family becomes sick.
- Forgiveness is the asepsis of the soul, the purification of the spirit and the liberation of the heart.

  He who does not forgive does not have peace in his soul or communion with God.
- Evil is a poison that intoxicates and kills.
- Keeping heartache in your heart is a self-destructive gesture. It's autophagy.
- Those who do not forgive are physically, emotionally and spiritually ill.

For this reason, the family must be

- a place of life and not a place of death;
- a place of paradise and not a place of hell;
- a healing territory and not a disease;
- an internship of forgiveness and not guilt.

Forgiveness brings joy where sorrow has brought sadness and healing where sorrow has caused the disease.

**-Pope Francis**

# From The Trustees' Desk

ഇക്കഴിഞ്ഞ ഒരു വർഷക്കാലം Covid19 മഹാമാരിയുടെ കരാളഹസ്തത്തിലമർന്ന വിശ്വാസ സമൂഹത്തെ ആത്മീയമായും, ഭൗതികമായും ഉയർത്തുന്നതിൽ നമ്മുടെ ഇടവക സമൂഹം ഒറ്റക്കെട്ടായി പ്രവർത്തിച്ചു. അതിനു നേതൃത്വം നൽകിയ നമ്മുടെ ബഹു. വികാരിയച്ചനും, കൊച്ചച്ചന്മാരും, ഓഫീസ് സ്റ്റാഫ്, സംഘടനാഭാരവാഹികൾ, ഇടവകാംഗങ്ങൾ എന്നിവർ നൽകിയ സഹായ സഹകരണങ്ങളും സേവനങ്ങളും വളരെയധികം ശ്ലാഘനീയമാണ്. ഏവർക്കും ഞങ്ങളുടെ നന്ദിയും കടപ്പാടും അറിയിക്കട്ടെ. ഈ മഹാമാരിമൂലം നമ്മുടെ ഉറ്റവരെ പലരെയും നമുക്ക് നഷ്ടമായി.

ജോലിനഷ്ടം മൂലവും, സാമ്പത്തിക പരാധീനത മൂലവും ഒരുപാടുപേർ സ്വന്തം ജന്മനാട്ടിലേക്ക് മടങ്ങി പോകുകയും ചെയ്തു. ഈ പ്രതികൂല സാഹചര്യങ്ങളിലും, വിശ്വാസ സമൂഹത്തോടൊപ്പം മതപഠന ക്ലാസ്സുകളും, വിശുദ്ധ കുർബാനയും, പ്രാർത്ഥനാ കൂട്ടായ്മകളും Online ആയും offline ആയും നടത്തുവാൻ നമുക്ക് സാധിച്ചു. കഷ്ടതയനുഭവിക്കുന്ന ഒത്തിരിപേർക്ക് Food Kits, Medical aid, സാമ്പത്തിക സഹായം എന്നിവ നൽകുന്നതിൽ ഇടവകസമൂഹം ഒരേ മനസ്സോടെ മുന്നോട്ടു വരികയും ചെയ്തു. ഇതിനു നേതൃത്വം നൽകിയ മുൻ അസിസ്റ്റന്റ് വികാരിമാരായ ബഹു. ഷിജിൻ പുളിമൂട്ടിൽ അച്ചനും, ബഹു.ജോയ്സ് മടുക്കകുഴി അച്ചനും ഇടവക സമൂഹത്തിന്റെ പ്രത്യേക നന്ദിയും കടപ്പാടും പ്രാർത്ഥനാശംസകളും നേരുന്നതോടൊപ്പം അവരുടെ പുതിയ കർമ്മ മണ്ഡലങ്ങളിൽ അവർക്ക് എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുന്നു. പുതിയ അസിസ്റ്റന്റ് വികാരിമാരായി ചാർജെടുത്ത ബഹു. നിബിൻ അരീക്കത്താഴെ അച്ചനും, ബഹു. റിജോ കളത്തിൽ അച്ചനും ഇടവക സമൂഹത്തിലേക്ക് ഹാർദ്ദവമായ സ്വാഗതം.

ഈ പ്രതികൂല കാലാവസ്ഥയിലും, നമ്മുടെ ബഹുനില കിച്ചൺ നിർമ്മാണം ഭംഗിയായും, സമയ ബന്ധിതമായും പൂർത്തീകരിക്കുവാൻ സാധിച്ചതിൽ നമുക്കഭിമാനിക്കാം.

Covid-19 ന്റെ രണ്ടാം തരംഗം ക്രമാതീതമായി വർദ്ധിച്ചു വരുന്ന ഈ അവസരത്തിൽ അതിനെ നേരിടുവാൻ നാം സജ്ജമാകേണ്ടിയിരിക്കുന്നു. ചിട്ടയായ സാമ്പത്തിക നിയന്ത്രണത്തിലൂടെയും, കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നതിലൂടെയും, വാക്സിനേഷനിലൂടെയും ഈ മഹാമാരിയെ നമുക്ക് പ്രതിരോധിക്കാം.

ഏവർക്കും പ്രാർത്ഥനാനിർഭരവും പ്രത്യാശ പൂർണ്ണവുമായ ഈസ്റ്റർ ആശംസകൾ നേരുന്നു.

സ്നേഹപൂർവ്വം ട്രസ്റ്റിമാർ


Prof. Dr. Jain Mathew


Mathew K. Joseph


Benny Sebastian


Naveen Joseph

## ASSOCIATION REPRESENTATIVES 2021-22

### St. Vincent De Paul Society

| | | |
|---|---|---|
| President | Rolly Jacob | 9008336999 |
| Secretary | Mr. Biju George | 9448704833 |
| Treasurer | Mr. Kuriakose K C | 9945877029 |
| Vice President | Mr. Tom Abraham | 9880140206 |
| Joint Secretary | Mr.Sunny | 8123310318 |
| Joint Treasurer | Mr. Biju P J | 9008306421 |

### St. Christopher Association

| | | |
|---|---|---|
| President | Mr. Joshi Thomas | 9448675366 |
| Secretary | Mr. A J Dixon | 9448851217 |
| Treasurer | Mr. A J Jaison | 9242824688 |
| Vice President | Mr. T O Davis | 9845508108 |
| Joint Secretary | Mr. V K Lawrence | 7348815898 |

## DIOCESAN NEWS

### Inauguration of the Year of St. Joseph and Chrism Mass

Year of St. Joseph രൂപതാ തല ഉദ്ഘാടനവും മൂറോൻ കൂദാശയ്ക്കായുള്ള വിശുദ്ധ കുർബ്ബാനയും 24–ാം തിയതി, ബുധനാഴ്ച വൈകുന്നേരം 6 മണിക്ക് അഭിവന്ദ്യ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. രൂപതയിൽ സേവനമനുഷ്ഠിക്കുന്ന 70 ൽ അധികം വൈദികരും, സിസ്റ്റേഴ്സും, അൽമായ പ്രതിനിധികളും പങ്കെടുത്തു. രൂപതാ പിതൃവേദി ഡയറക്ടറും വികാരിയുമായ സിറിയക് മാത്തിൽ അച്ചന്റെ നേതൃത്വത്തിൽ അസി. വികാരിമാരും, ഇടവകയിലെ പിതൃവേദി അംഗങ്ങളും, പാരീഷ് കൗൺസിൽ അംഗങ്ങളും പരിപാടികൾക്ക് ചുക്കാൻ പിടിച്ചു.







Catechism STD XII farewell





Fiesta 2021 (Youth Day)





Kitchen & Guest Room Block - Blessing & Inauguration





Oottuthirunnal

*Inauguration of the Year of St. Joseph and Chrism Mass*



















*Drawings by*
*Holy Communion Children*

# ഇടവക വാർത്തകൾ



## കുരിശിന്റെ വഴി

ഇടവകയിലെ വാർഡുകളുടെയും കോൺവെന്റുകളുടെയും സഹകരണത്തോടെ ഞായറാഴ്ചകളിൽ വൈകുന്നേരം 5.30ന് ദേവാലയത്തിനുള്ളിലും വെള്ളിയാഴ്ചകളിൽ 6 മണിയുടെ കുർബാനയ്ക്കുശേഷം ദേവാലയത്തിനുചുറ്റും കുരിശിന്റെ വഴി ഭക്ത്യാദരപൂർവ്വം നടത്തുകയുണ്ടായി. നേതൃത്വം നൽകിയ സിസ്റ്റേഴ്സിനും, വാർഡ് അംഗങ്ങൾക്കും അഭിനന്ദനങ്ങൾ!

## പ്രൊലൈഫ് എക്സിബിഷൻ




ഇടവകയിലെ യുവജനങ്ങളും ജീസസ് യൂത്ത് അംഗങ്ങളും സംയുക്തമായി ഫെബ്രുവരി 21–ാം തിയതി ദേവാലയാങ്കണത്തിൽവച്ച് നടത്തിയ പ്രൊലൈഫ് എക്സിബിഷൻ ജീവന്റെ വിലയെകുറിച്ച് സഭയുടെ പഠനങ്ങൾ അറിയുന്നതിന് സഹായകമായി.

## യാത്രയയപ്പ്



വേദപാഠം 12–ാം ക്ലാസ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ഫെബ്രുവരി 27–ാം തിയതി ശനിയാഴ്ച യാത്രയയപ്പ് നടത്തി. 60 ഓളം കുട്ടികൾ പങ്കെടുത്തു. Best outgoing students ആയ Dona Kuriakose, Jiffin Kattookaran എന്നിവർക്ക് ട്രോഫികൾ സമ്മാനിച്ചു.

## Fiesta 2021 (Youth Day-New Comers Day)



St. Thomas Youth ന്റെ ജനറൽബോഡി മീറ്റിംഗും, 2019 – 20 അദ്ധ്യയനവർഷം STD 12 പൂർത്തിയാക്കിയ പുതിയ അംഗങ്ങൾക്കുള്ള സ്വാഗതവും Fiesta- 2021 എന്ന പേരിൽ ഫെബ്രുവരി 28–ാം തിയതി ഞായറാഴ്ച 9 മണിയുടെ കുർബാനയോടുകൂടി നടന്നു. 110 ഓളം യുവജനങ്ങൾ മീറ്റിംഗിൽ പങ്കെടുത്തു.

## കിച്ചൺ–ഗസ്റ്റ് റൂം ബ്ലോക്കിന്റെ ആശീർവ്വാദകർമ്മം



പാരീഷ് ഹാളിനോട് ചേർന്ന് പുതിയതായി നിർമ്മിച്ച കിച്ചൺ–ഗസ്റ്റ് റൂം ബ്ലോക്കിന്റെ ആശീർവ്വാദകർമ്മം ഫെബ്രുവരി 28–ാം തിയതി വൈകുന്നേരം 5.15 ന് ബിഷപ്പ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്, ധർമ്മാരാം റെക്ടർ റവ.ഡോ. പോൾ അച്ചാണ്ടി സി.എം.ഐ. എന്നിവർ ചേർന്ന് നിർവ്വഹിച്ചു. വികാരി ജനറാൾ, വെരി റവ.ഡോ. മാത്യു കോയിക്കര സി.എം.ഐ, ചാൻസലർ, റവ. ഡോ. ജോജോമോൻ കോലഞ്ചേരി സി.എം.ഐ, പ്രൊക്യൂറേറ്റർ റവ.ഫാ. സജി പരിയപ്പനാൽ, വികാരി ഫാ. സിറിയക് മഠത്തിൽ സി.എം.ഐ, ബഹു.സിസ്റ്റേഴ്സ്, പാരീഷ് കൗൺസിൽ അംഗങ്ങൾ എന്നിവർ പങ്കെടുത്തു. മുൻ അസിസ്റ്റന്റ് വികാരിമാരായ റവ. ഫാ. ഷിജിൻ പുളിമൂട്ടിൽ സി.എം.ഐ, റവ. ഫാ. ജോയ്സ് മടുക്കക്കുഴി സി.എം.ഐ. എന്നിവർക്ക് നന്ദിയും പുതിയ അസി. വികാരിമാരായ റവ. ഫാ. റിജോ കളത്തിൽ സി.എം.ഐ, റവ. ഫാ. നിബിൻ അരീക്കത്താഴെ സി.എം.ഐ, എന്നിവർക്ക് സ്വീകരണവും നൽകി.

## ഊട്ടുതിരുനാൾ



മാർച്ച് 19–ാം തിയതി വി. യൗസേപ്പിതാവിന്റെ തിരുനാളും, വിശുദ്ധനോടുള്ള ബഹുമാനാർത്ഥം മാർച്ച് 21–ാം തിയതി വൈകിട്ട് 6 മണിയുടെ ആഘോഷമായ കുർബ്ബാനയോടുകൂടി ഊട്ടുനേർച്ചയും ഇടവകയിൽ ആചരിച്ചു. കോവിഡിന്റെ സാഹചര്യത്തിൽ ഈ വർഷം നേർച്ച ഭക്ഷണം പൊതികളിലായി വിതരണം ചെയ്തു. 2000 ത്തിൽ അധികം ഭക്തജനങ്ങൾ പങ്കെടുത്തു. കുർബ്ബാനക്കുശേഷം ഇടവകയിലെ യുവജനങ്ങൾ ദേവാലയാങ്കണത്തിൽവച്ച് Pro-life നെ കുറിച്ചുള്ള Street play നടത്തി.



## വിശുദ്ധവാരം

ഈശോയുടെ അവിസ്മരണീയമായ ജറുസലം പ്രവേശനം മുതൽ പീഡാനുഭവ–കുരിശുമരണ–ഉത്ഥാനങ്ങളുടെ ഓർമ്മകൾ സ്മരിച്ച് മാർച്ച് 28 മുതൽ ഏപ്രിൽ 4 വരെ കത്തോലിക്കാസഭയോടുചേർന്ന് ഇടവകയിൽ വിശുദ്ധവാരമായി ആചരിച്ചു. മാർച്ച് 29, 30, 31 തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിൽ വൈകുന്നേരം 6 മണി മുതൽ 8.30 വരെ ഇടവകാംഗങ്ങൾക്ക് കുമ്പസാരിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിരുന്നു.

## ഓശാന ഞായർ



മാർച്ച് 28, ഓശാന ഞായറാഴ്ചയിലെ തിരുക്കർമ്മങ്ങൾ രാവിലെ 6.30 ന് കുരുത്തോല വെഞ്ചരിപ്പോടെ പാരീഷ് ഹാളിന്റെ മുൻഭാഗത്തുനിന്ന് ആരംഭിച്ചു. തുടർന്ന് കുരുത്തോലകളേന്തി വിശ്വാസികൾ ദേവാലയത്തിൽ പ്രവേശിച്ചു. തിരുക്കർമ്മങ്ങൾക്കും ആഘോഷമായ കുർബ്ബാനക്കും വികാരിയച്ചൻ നേതൃത്വം നൽകി. റവ. ഫാ. ജെയിംസ് കാരൂർ സി.എം.ഐ. വചനസന്ദേശം നൽകി.

## പെസഹാ തിരുനാൾ

പെസഹാ വ്യാഴാഴ്ചയിലെ തിരുക്കർമ്മങ്ങൾ വൈകുന്നേരം 5.30 നുള്ള ആഘോഷമായ സമൂഹബലിയോടെ ആരംഭിച്ചു. 7.30 മുതൽ 8 വരെ തിരുമണിക്കൂർ. തുടർന്ന് അപ്പം മുറിക്കൽ ശുശ്രൂഷയും, പുത്തൻപാനപാരായണവും ഉണ്ടായിരുന്നു. റവ. ഫാ. പോളച്ചൻ കോച്ചാപ്പിള്ളി സി.എം.ഐ.





വചനസന്ദേശം നൽകി. ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെയും വാർഡുകളുടെയും സഹകരണത്തോടെ പെസഹാ വ്യാഴാഴ്ച രാവിലെ 6.30 മുതൽ 8.30 വരെ പള്ളിയിൽ ആരാധന നടത്തി.

## ദുഃഖവെള്ളി



ദുഃഖവെള്ളിയാഴ്ച രാവിലെ 7 മണിക്ക് പീഡാനുഭവ ശുശ്രൂഷ ആരംഭിച്ചു. റവ. ഫാ. ബെന്നി തറകുന്നേൽ സി.എം.ഐ. വചനസന്ദേശം നൽകി. വൈകിട്ട് 5 മണിക്ക് ആഘോഷമായ കുരിശിന്റെ വഴി കോവിഡിന്റെ സാഹചര്യത്തിൽ പള്ളി അങ്കണത്തിൽവച്ച് നടത്തി. തുടർന്ന് റവ. ഫാ. പീറ്റർ കൊച്ചാലുങ്കലുങ്കൽ സി.എം.ഐ. നൽകിയ സന്ദേശവും, ഈശോയുടെ തിരുസ്വരൂപം നഗരികാണിക്കലും തിരുക്കുരിശു വണക്കവും ഉണ്ടായിരുന്നു.

## ദുഃഖശനി

രാവിലെ 6.30 ന് തിരുക്കർമ്മങ്ങൾ ആരംഭിച്ചു. തുടർന്ന് വെള്ളം, തിരി വെഞ്ചരിപ്പുകളും, ജ്ഞാനസ്നാന വ്രത നവീകരണവും നടന്നു. അസി. വികാരി, റവ. ഫാ. റിജോ കളത്തിൽ സി. എം. ഐ. വിശുദ്ധ കുർബ്ബാനക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. അസി.വികാരി, റവ. ഫാ. നിബിൻ അരീക്കത്താഴെ സി. എം. ഐ. തിരുവചനസന്ദേശം നൽകി.

## ഈസ്റ്റർ വിജിൽ

ഈസ്റ്ററിന്റെ ആഘോഷമായ വിശുദ്ധ കുർബ്ബാനയും പ്രദക്ഷിണവും ശനിയാഴ്ച വൈകുന്നേരം 8 മണിക്ക് ബഹുമാനപ്പെട്ട വികാരിയച്ചന്റെ നേതൃത്വത്തിൽ നടന്നു. രൂപതാ ചാൻസലർ റവ. ഫാ. ജോമോൻ കോലഞ്ചേരി സി.എം. ഐ. സന്ദേശം നൽകി.

വിശുദ്ധവാരത്തിൽ, പ്രാർത്ഥനാ ശുശ്രൂഷകൾക്ക് നേതൃത്വം നൽകിയ സിസ്റ്റേഴ്സിനും; വിശുദ്ധവാര ക്രമീകരണങ്ങൾക്ക് സഹായിച്ച സംഘടനകൾക്കും, വൊളണ്ടിയേഴ്സിനും, ട്രസ്റ്റിമാർക്കും ഇടവകയുടെ പേരിൽ പ്രത്യേകം അഭിനന്ദനങ്ങളും, നന്ദിയും.

## ഈസ്റ്റർ കിറ്റ്

ഈസ്റ്ററിനോടനുബന്ധിച്ച് സെന്റ് വിൻസെന്റ് ഡി പോൾ സംഘടനയുടെ നേതൃത്വത്തിൽ പാവപ്പെട്ട കുടുംബങ്ങൾക്ക് ഇസ്റ്റർ ഫുഡ് കിറ്റും വസ്ത്രങ്ങളും നൽകി.

ഈസ്റ്റർ ദിന ഭക്ഷണകിറ്റിന് സംഭാവന നൽകിയവർക്കും തയ്യാറാക്കാൻ നേതൃത്വം നൽകിയ സെന്റ് വിൻസെന്റ് ഡി പോൾ സംഘടനയ്ക്കും വാർഡ് കൗൺസിലേഴ്സിനും പ്രത്യേകം നന്ദി അറിയിക്കുന്നു.



## Upcoming Events

| | | |
|---|---|---|
| April 9, 10, 11 | : | Marriage Preparation Course |
| April 11 Sun | : | *Puthu Njayar* ("My Lord and My God") |
| April 24 Sat. | : | First Holy Communion 4 pm - Mar Sebastian Adayanthrath |

### ➤ Marriage Preparation Course

April 9, 10, 11 – വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ ഓൺലൈൻ ആയി നടത്തപ്പെടുന്നു. രജിസ്ട്രേഷനും വിശദവിവരങ്ങൾക്കും പാരീഷ് വെബ്സൈറ്റ് കാണുക.

### ➤ ആദ്യകുർബാന–സ്ഥൈര്യലേപന സ്വീകരണം

ഏപ്രിൽ 24–ാം തിയതി ശനിയാഴ്ച വൈകുന്നേരം 4 മണിക്ക് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ബിഷപ്പ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് ആദ്യകുർബാന–സ്ഥൈര്യലേപന കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിക്കും. 28 കുട്ടികൾ ഈ വർഷം ആദ്യകുർബാന–സ്ഥൈര്യലേപന കൂദാശകൾ സ്വീകരിക്കും.

## ഓർത്തിരിക്കാൻ

### ➤ Parish Membership & Youth Identity Card

സ്വന്തം ഇടവകയുടെ പുറത്ത് 6 മാസത്തിൽ അധികം താമസിക്കുന്ന എല്ലാ സീറോ മലബാർ സഭാംഗങ്ങളും അവരവർ താമസിക്കുന്ന സ്ഥലങ്ങളിലുള്ള സീറോ മലബാർ ഇടവക പള്ളിയിൽ പേര് ചേർക്കേണ്ടതാണ്. ഇടവക സംബന്ധമായും കൂദാശകൾ സംബന്ധമായും വേണ്ട അനുവാദത്തിനുള്ള എഴുത്തുകൾ ലഭിക്കുന്നതിന് ഇടവകയിലെ അംഗത്വവും, പ്രത്യേകിച്ച് യുവജനങ്ങൾക്ക് വിവാഹത്തിന് വേണ്ട Free State Certificate ന് Youth Identity Card ഉം നിർബന്ധമാണ്. ഈ ഇടവകയിൽ പേര് ചേർത്തിട്ടുള്ള എല്ലാ യുവജനങ്ങളും ഏതെങ്കിലുമൊരു യുവജനസംഘടനയിൽ അംഗത്വമെടുക്കുകയും മീറ്റിംഗുകളിൽ പങ്കെടുത്ത് നൽകിയിരിക്കുന്ന യൂത്ത് ഐഡന്റിറ്റി കാർഡിൽ ബ്രദർ ഇൻ ചാർജിന്റെ ഒപ്പ് രേഖപ്പെടുത്തേണ്ടതുമാണ്.

### ➤ Admissions are open at our Bible Nursery - Santhome Kinder

Santhome Kinder ൽ 2021–22 സ്കൂൾ വർഷത്തേക്കുള്ള Play Group and Nursery Admissions ആരംഭിച്ചിരിക്കുന്നു. താത്പര്യമുള്ള മാതാപിതാക്കൾ എത്രയും വേഗം കുട്ടികളുടെ പേരുകൾ പാരീഷ് ഓഫീസിൽ രജിസ്റ്റർ ചെയ്യുക. Phone: 9742863560

**Call for Advertisement in our Parish Bulletin - Santhome Messenger**
**For Details Contact:**

**Ph.: 8589836838 / 080 4370 2482**
**Email: stthomasforanechurch@gmail.com**